പത്രക്കുറിപ്പ്

# ജോലി വാഗ്ദാനം ചെയ്ത് പണം തട്ടിപ്പ്: തമിഴ്നാട് സ്വദേശിയും കൂട്ടാളിയും പിടിയിൽ

തിരുവനന്തപുരം:- അഭ്യസ്ഥവിദ്യരായ യുവാക്കൾക്ക് കേന്ദ്രസർക്കാരിന്റെ പബ്ലിക് റിലേഷൻസ് വകുപ്പിലും വിജിലൻസിലും ജോലി വാഗ്ദാനം ചെയ്ത് ലക്ഷങ്ങൾ തട്ടിയെടുത്ത തമിഴ്നാട് സ്വദേശിയെയും കൂട്ടാളിയായ തിരുവനന്തപുരം സ്വദേശിയെയും പോലീസ് പിടികൂടിയതായി തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു. തമിഴ്നാട് ആവടി സ്വദേശി ശിവകുമാർ (51), തമിഴ്നാട്ടിൽ താൽക്കാലികമായി താമസിക്കുന്ന, തിരുവനന്തപുരം കാച്ചാണി ശ്രീശൈലം വീട്ടിൽ അശോക് കുമാർ (51) എന്നിവരെയാണ് ഫോർട്ട് പോലീസ് അറസ്റ്റ് ചെയ്തത്.

ഈഞ്ചയ്ക്കലിലെ ഹോട്ടലിൽ മുറിയെടുത്ത് എസ്.എസ് വെരിഫിക്കേഷൻ സർവീസ് എന്ന പേരിൽ സ്ഥാപനം നടത്തിയാണ് തൊഴിൽ അന്വേഷകരായ നിരവധി യുവാക്കളിൽ നിന്നും പ്രതികൾ പണം തട്ടിപ്പ് നടത്തിയത്. മുമ്പ് ചെന്നൈയിലേയ്ക്ക് സെക്യൂരിറ്റിയായി ആൾക്കാർക്ക് ജോലി തരപ്പെടുത്തി കൊടുത്തിരുന്ന ശിവകുമാർ കേന്ദ്രസർക്കാരിന്റെ വെരിഫിക്കേഷൻ ഓഫീസർ ആണെന്ന് പറഞ്ഞ് വിശ്വസിപ്പിച്ച് യുവാക്കളിൽ നിന്നും ആദ്യം



ഫോർട്ട് പോലീസ് അറസ്റ്റ് ചെയ്ത
ശിവകുമാർ (51), അശോക് കുമാർ (51)

5530/- രൂപ രജിസ്ട്രേഷൻ ഫീസും രേഖകളും ഫോട്ടോയും വാങ്ങുകയും അതിന് ശേഷം ഇന്റർവ്യൂ നടത്തുകയും ചെയ്തിരുന്നു. വാങ്ങിയ തുകയ്ക്ക് വ്യാജരസീതും നൽകിയശേഷം അപ്പോയിന്റ്മെന്റ് ലെറ്റർ കിട്ടുമ്പോൾ 50,000/- രൂപ കൂടി നൽകണമെന്നും പറഞ്ഞായിരുന്നു തട്ടിപ്പ്. പ്രതികൾ 23-ഓളം പേരെ ഇത്തരത്തിൽ വ്യാജ ഇന്റർവ്യൂ നടത്തി കബളിപ്പിച്ചതായി അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്. ഇന്റർവ്യൂ നടത്തിപ്പിലും പ്രതികളുടെ പെരുമാറ്റത്തിലും സംശയം തോന്നിയ മുട്ടത്തറ സ്വദേശി ആനന്ദ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിലാണ് ഇവർ പിടിയിലായത്. പ്രതികൾ സമാനരീതിയിൽ പലയിടങ്ങളിലും തട്ടിപ്പ് നടത്തിയിട്ടുള്ളതായി സൂചന ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുമെന്ന് ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ഡോ.വൈഭവ് സക്സേന അറിയിച്ചു. തട്ടിപ്പിനിരയായ കൂടുതൽ പേർ പരാതിയുമായി പോലീസിനെ സമീപിച്ചിട്ടുണ്ട്. ഫോർട്ട് അസ്സി. കമ്മീഷണർ അനിൽദാസിന്റെ നേതൃത്വത്തിൽ ഫോർട്ട് എസ്.എച്ച്.ഒ ബിനു.സി, എസ്.ഐ-മാരായ വേണു സി.കെ, സുഭാഷ്, സി.പി.ഒ-മാരായ ബിനു, സാബു, വിനോദ്, സുജീഷ് എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

# കോവിഡ്-19 സുരക്ഷാ പരിശോധന കൂടുതൽ ശക്തമാക്കി

## വിലക്ക് ലംഘനം: 2116 പേർക്കെതിരെ നിയമനടപടി 7,61,000/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- കോവിഡ് രോഗവ്യാപനം വർദ്ധിച്ച് വരുന്ന സാഹചര്യത്തിലും രാത്രികാല കർഫ്യൂ പ്രഖ്യാപിച്ചതിന്റെയും അടിസ്ഥാനത്തിൽ പോലീസ് സുരക്ഷാ

പരിശോധന കൂടുതൽ ശക്തമാക്കി. ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ഡോ.വൈഭവ് സക്സേനയുടെ നേതൃത്വത്തിൽ തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (21-04-2021) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 2116 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാകുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 583 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 1505 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 17 പേരിൽ നിന്നുമായി 7,61,000/- രൂപ പിഴ ഈടാക്കി. കൂടാതെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 3 വാഹനങ്ങൾക്കെതിരെയും കോവിഡ് മാനദണ്ഡങ്ങൾ പാലിക്കാത്ത 8 കടകൾക്കെതിരെയും, ഇന്നലെ നിയമനടപടി സ്വീകരിച്ചു. ശരിയായ രീതിയിൽ സുരക്ഷാ മുൻകരുതൽ എടുക്കാത്ത 5134 പേർക്ക് താക്കീത് നൽകി വിട്ടയച്ചിട്ടുള്ളതുമാണ്.

തിരുവനന്തപുരം സിറ്റി
21-04-2021

**ഐ ജി പി & കമ്മീഷണർക്ക് വേണ്ടി**

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി